2012-13 അധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിൽ നിന്നും 114 വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്. ഈ 114 പേരും വിജയിച്ച് ഉപരി പഠനത്തിൽ അർഹത നേടിയതിന് വിദ്യാലയത്തിന്റെ പേരിൽ ഇവരെ അഭിനന്ദിക്കുന്നു. ഈ വിജയത്തിന് പിന്നിൽ ചില ത്യാഗങ്ങളും കഠിന പ്രയത്നങ്ങളും ഒളിഞ്ഞിരിപ്പുണ്ട്. അത് തീർച്ചയായും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും പി.ടി.എ.യുടെയും അധ്യാപകരുടേയും തൃതല പഞ്ചായത്തും ഡിപ്പാർട്ടുമെന്റിന്റേയുമാണ്. വിദ്യാർത്ഥികളെ സംബന്ധിച്ച് ഏറെ ത്യാഗം സഹിച്ചവരാണ്. അവരുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ നമുക്കിത് കാണാവുന്നതാണ്. 114-ൽ 40 പേരും എസ്.റ്റി. വിഭാഗത്തിൽ പെട്ടവരാണ്. അക്ഷരം പോലും അറിയാത്തവരായിരുന്നു അതിൽ ഭൂരിഭാഗം പേരും. അവരെയെല്ലാം കഠിന പ്രയത്നത്തിലൂടെ എസ്.എസ്.എൽ.സി. പരീക്ഷക്കിരുത്താൻ പ്രാപ്തരാക്കിയത് ഇവിടുത്തെ അദ്ധ്യാപകർ മാത്രമാണ്. അതിനാൽ ഇവിടുത്തെ അദ്ധ്യാപകർ എല്ലാവരും ഒന്നടങ്കം അഭിനന്ദനവും അനുമോദനവും അർഹിക്കുന്നവരാണ്.

വർഷാരംഭത്തിൽ തന്നെ നോൺ ഉ+ ന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിലൂടെ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം ജൂലൈ മുതൽ ആരംഭിച്ചു. ഓണ പരീക്ഷക്ക് ശേഷം കുട്ടികളുടെ മാർക്ക് വിലയിരുത്തുകയും അയൽക്കൂട്ട പഠന ഗ്രൂപ്പുകൾ രൂപീകരിച്ച് വീടുകൾ കേന്ദ്രീകരിച്ച് സംഘപഠനം ഏർപ്പെടുത്തുകയും ചെയ്തു. പഠന കേന്ദ്രങ്ങൾക്ക് അധ്യാപകർക്ക് ചുമതല നൽകുകയും പഠനകേന്ദ്രങ്ങൾ പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും ചെയ്തു. ക്രിസ്മസ് പരീക്ഷക്ക് ശേഷം 47 ദിവസത്തെ പകൽ പഠനക്യാമ്പും 12 ദിവസത്തെ റസിഡൻഷ്യൽ പഠനക്യാമ്പും നടപ്പിലാക്കി. 112 വിദ്യാർത്ഥികളും റസിഡൻഷ്യൽ പഠന ക്യാമ്പിൽ പങ്കെടുത്ത് പൂർണ്ണ സമയം പഠനത്തിന് വേണ്ടി ഉപയോഗിച്ചു. പകൽ പഠന ക്യാമ്പിനോടൊപ്പം തെരഞ്ഞെടുത്ത 30 കുട്ടികൾക്ക് രാത്രികാലങ്ങളിൽ വിദ്യാലയത്തിൽ ഇരുന്ന് പഠിക്കാനുള്ള അവസരം നൽകി.

ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ 30 ദിവസത്തെ റസിഡൻഷ്യൽ പഠനക്യാമ്പ് എസ്.ടി. വിഭാഗത്തിൽ പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 27 കുട്ടികൾക്ക് നൽകി. ജനറൽ വിഭാഗത്തിലെ 10 കുട്ടികളും കൂടി ആ ക്യാമ്പിൽ ഉൾപ്പെടുത്തി. ഈ പ്രവർത്തനങ്ങളുടെ എല്ലാം സജീവത വിദ്യാർത്ഥികളുടെ വിജയത്തിനും ഗ്രേഡുകൾ ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. ചില വിദ്യാർത്ഥികളുള്ള സംബന്ധിച്ചിടുത്തോളം വീട്ടിലെ സുഖ സൗകര്യങ്ങൾ ഒഴുവാക്കി, വിദ്യാലയത്തിലെ അസൗകര്യങ്ങളിൽ ചില അസ്വാരസ്യങ്ങൾ ഉണ്ടായെങ്കിലും വിജയത്തിന്റെ മാധുര്യം ആ പ്രയാസങ്ങളെയെല്ലാം അതിജീവിക്കുന്നതാണ്. ഈ പ്രവർത്തനങ്ങളിൽ അധ്യാപകരുടേയും പി.ടി.എ.യുടെയും സർവ്വോപരി നാട്ടുകാരുടെയും ത്രിതലപഞ്ചായത്തുകളുടേയും വിദ്യാഭ്യാസ വകുപ്പിന്റെയും അകമഴിഞ്ഞ സേവനത്തിന് ഈ അവസരത്തിൽ എച്ച്.എം. എന്ന നിലയിൽ നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേഡുകൾ പരിശോധിക്കുമ്പോൾ അയൽക്കൂട്ട പഠന കേന്ദ്രങ്ങളെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തിയ കുട്ടികളുടെ ഗ്രേഡുകൾ ഉയർന്നിട്ടുണ്ട് ക്രിസ്തുമസ് പരീക്ഷക്കും മോഡൽ പരീക്ഷക്കും പിന്നോക്കം നിന്ന കുട്ടികൾ പകൽ പഠനക്യാമ്പിലും റസിഡൻഷ്യൽ പഠന ക്യാമ്പിനും പങ്കെടുത്തതിന്റെ ഫലമായി എസ്.എസ്.എൽ.സി. പരീക്ഷയിൽ മികച്ച ഗ്രേഡുകളോടെ വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ഈ വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ശരിയായ ദിശയിലായിരുന്നു എന്ന് അരക്കിട്ടുറപ്പിക്കുന്നു. രാത്രികാല പഠന ക്യാമ്പ് കുട്ടികൾക്ക് പീഡനമായിരിക്കും എന്ന ആക്ഷേപം ഉണ്ടായെങ്കിലും അതിനെയെല്ലാം തൃണവത്ക്കരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളാണ് ഈ വിജയത്തിനാധാരം.

എസ്.എസ്.എൽ.സി. പരീക്ഷക്ക് നടത്തിയ ഈ തപസ്യ തുടർന്നും നിങ്ങളുടെ ജീവിതത്തിൽ പാലിക്കാൻ കഴിഞ്ഞാൽ ഇതിലും മികച്ച വിജയങ്ങൾ നിങ്ങൾക്ക് ഭാവിയിൽ ഉണ്ടാകും എന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. നിങ്ങൾക്ക് എല്ലാവർക്കും തുടർന്നുവരുന്ന ജീവിത പരീക്ഷയിൽ ഉന്നതവിജയം ഉണ്ടാകട്ടെ എന്ന് വിദ്യാലയത്തിന്റെ പേരിലും അധ്യാപകരുടെ പേരിലും പി.ടി.എ.യുടെ പേരിലും എന്റെ പേരിലും അഭിനന്ദനങ്ങൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ടും നിങ്ങളുടെയെല്ലാവരുടെയും ഭാവി ശോഭനമായിത്തീരട്ടെയെന്നും സർവ്വാത്മനാ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടും ഞാൻ നിർത്തട്ടെ. നന്ദി.
ജയ്ഹിന്ദ് - നമസ്കാരം

## മികവ് പ്രവർത്തനങ്ങൾ 2012-13
## ജി.വി.എച്ച്.എസ്.എസ്. വാകേരി

സുവർണ്ണ ജൂബിലി ആഘോഷങ്ങളാണ് 2013-13 അദ്ധ്യായന വർഷം വാകേരിക്ക് മാറ്റു കൂട്ടിയത്. അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളും ദിനാചരണങ്ങളും മറ്റു വിദ്യാലയ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇതിലുപരി തനതായ പ്രവർത്തനങ്ങളും സ്കൂൾ സ്വന്തം നിലയിൽ സംഘടിപ്പിച്ചിട്ടുണ്ട്. അവ കുട്ടിക്കൊരു മാഗസിൻ, തൊഴിൽ പരിശീലനക്കളരി, നീന്തൽ പരിശീലനം, ഗോത്രഫെസ്റ്റ്, ജില്ലാതല രചനാമത്സരങ്ങൾ, ജില്ലാതല പ്രശ്നോത്തരി, ആശ്രയ ക്ലബ്ബ്, കുറുപ്പാട്ടി (ചുമർ മാസിക), ചൂട്ട് (മുഖപത്രം) തുടങ്ങിയവ എടുത്തു പറയാവുന്ന നേട്ടങ്ങളാണ്. (സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി നിർവ്വഹിക്കുന്നു.)

